കാഴ്ചപ്പാട്

●

കെ.സി സലീം

# മുസ്‌ലിംകൾ ഒറ്റപ്പെടുന്നതെങ്ങനെ?



**ലോക**ചരിത്രത്തിലിന്നോളമുണ്ടായിട്ടുള്ള ഇരുപത്തൊന്ന് സംസ്കാരങ്ങളുടെ ഉത്ഥാനപതനങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ച് പന്ത്രണ്ട് വാല്യങ്ങളുള്ള വിശദമായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട് ആർണോൾഡ് ടോയൻബി. (A Study of History, Arnold J. Toynbee, Oxford University Press, London.) അതിൽ സമൂഹങ്ങളുടെ നിലനിൽപിന്നാധാരമായി വർത്തിക്കുന്ന ഘടകങ്ങളെ അദ്ദേഹം എടുത്തു പറയുന്നു. എല്ലാ സമൂഹങ്ങളും വെല്ലുവിളികൾ നേരിടും. അത് പല തരത്തിലുള്ള വെല്ലുവിളികളാവാം. അവയെ സമർഥമായി നേരിടുന്ന സമൂഹങ്ങളും സംസ്കാരങ്ങളും അതിജീവിക്കും. അല്ലാത്തവ നാമാവശേഷമാവും. അത്തരം വെല്ലുവിളികളെ വിജയകരമായി നേരിടുന്നതിന്ന് പിന്നിൽ പ്രവർത്തിക്കുന്നത് ആ സമൂഹത്തിലെ തന്നെ സർഗാത്മക ശേഷികളുള്ള പ്രഗത്ഭരായ വ്യക്തികളായിരിക്കും. അവർ തങ്ങളുടെ

**പഠിച്ചതൊന്നും മറക്കാതെയും പുതുതായൊന്നും പഠിക്കാതെയും കഴിയുന്ന പണ്ഡിത സമൂഹം; തങ്ങളൊന്നും ആലോചിക്കേണ്ടതില്ലെന്നും എല്ലാം പണ്ഡിതന്മാർ നോക്കിക്കൊള്ളുമെന്നും ധരിച്ച് അലസരായി കഴിയുന്ന വിശ്വാസികൾ; കാലത്തിന്നനുസരിച്ച വൈജ്ഞാനിക വളർച്ച നേടാൻ തയാറാവാതെ പഴയ ലോകത്തു തന്നെ ഏതാണ്ടൊരു ശാഠ്യത്തോടെ കഴിയുന്ന സംഘടനകൾ – പൊതുവിൽ ഇതെല്ലാമാണ് മുസ്‌ലിം സമൂഹത്തിന്ന് വളർച്ചയുടെ പടവുകൾ നിഷേധിക്കുന്നത്.**

---

സഹജീവികളെ മുമ്പോട്ട് നയിക്കണം. ഈ പ്രക്രിയ നടക്കുന്നില്ലെങ്കിൽ ആ ക്രിയാത്മക ന്യൂനപക്ഷം തകർച്ചയെ നേരിടുകയും ആ സമൂഹത്തിന്റെ തന്നെ പതനത്തിൽ കലാശിക്കുകയും ചെയ്യും. ചരിത്രത്തിലിന്നോളം നിലനിന്നിട്ടുള്ള സംസ്കാരങ്ങൾക്ക് പിന്നിൽ ഇങ്ങനെയൊരു പ്രക്രിയ നടന്നിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു.

നിത്യദുരിതത്തിൽ കുരുങ്ങിക്കിടക്കുന്ന ജനകോടികളുടെ ദൈന്യത നിറഞ്ഞ ഞരക്കങ്ങൾ കേട്ട് അസ്വസ്ഥരായി അവരെ സമത്വസുന്ദരമായൊരു സാമൂഹികക്രമത്തിലെത്തിക്കാൻ ധർമോപദേശങ്ങളുമായി മുന്നിട്ടിറങ്ങുന്നവർ ഒരർഥത്തിൽ സമൂഹം നേരിടുന്ന വെല്ലുവിളികളെ നേരിടുന്ന ക്രിയാത്മക വിഭാഗം തന്നെയാണ്. ദുരിതമനുഭവിക്കുന്നവരുടെ മോചനത്തിന്ന് സക്രിയരായ ഒരു വിഭാഗം മുന്നിട്ടിറങ്ങണമെന്ന് തന്നെയാണ് ഖുർആന്റെ ആഹ്വാനവും. "നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു വിഭാഗം നിങ്ങളിൽ നിന്നുണ്ടാവട്ടെ" (3:104) എന്ന വചനവും, "മനുഷ്യസമൂഹത്തിന്ന് വേണ്ടി ഉയിർത്തെഴുന്നേൽപിക്കപ്പെട്ട ഉത്തമ സമൂഹമാണ് നിങ്ങൾ. നിങ്ങൾ നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു" (3:110) എന്ന സൂക്തവും അങ്ങനെയൊരു സന്ദേശം നൽകുന്നു. സമൂഹത്തിന്റെ നന്മക്കു വേണ്ടി ദൈവമാർഗത്തിൽ – തിന്മയെ പരമാവധി തടഞ്ഞ് നന്മയെ പകരം വെക്കാൻ വേണ്ടി – പ്രവർത്തിക്കാത്തവരെ ദൈവം തന്നെ മാറ്റി പകരം മറ്റൊരു വിഭാഗത്തെ കൊണ്ടുവരുമെന്നും ഖുർആനിൽ കാണാം. ഇവയെല്ലാം വ്യക്തമാക്കുന്നത്, മുസ്‌ലിം സമൂഹത്തിന്ന് ചരിത്രപരമായ ഒരു ദൗത്യം നിർവഹിക്കാനുണ്ടെന്നാണ്. ലോകത്ത് നന്മ നിറക്കലാണത്.

സമൂഹത്തിൽ ചരിത്രപരമായ ദൗത്യം നിർവഹിക്കാത്തവർ ജീവിക്കാനർഹരല്ല എന്ന് ചരിത്രം വ്യക്തമാക്കുന്നു. അതിജീവനത്തിന്ന് അർഹത നേടണമെങ്കിൽ കാലത്തിന്നനുസരിച്ച വളർച്ചയും ആവശ്യമാണ്. ഇതില്ലാത്തതിന്റെ ദൂഷ്യം മുസ്‌ലിം സമൂഹത്തിൽ വ്യാപകമായി കാണാനുണ്ട്. പഠിച്ചതൊന്നും മറക്കാതെയും പുതുതായൊന്നും പഠിക്കാതെയും കഴിയുന്ന പണ്ഡിത സമൂഹം; തങ്ങളൊന്നും ആലോചിക്കേണ്ടതില്ലെന്നും എല്ലാം പണ്ഡിതന്മാർ നോക്കിക്കൊള്ളുമെന്നും ധരിച്ച് അലസരായി കഴിയുന്ന വിശ്വാസികൾ; കാലത്തിന്നനുസരിച്ച വൈജ്ഞാനിക വളർച്ച നേടാൻ തയാറാവാതെ പഴയ ലോകത്തു തന്നെ ഏതാണ്ടൊരു ശാഠ്യത്തോടെ കഴിയുന്ന സംഘടനകൾ – പൊതുവിൽ ഇതെല്ലാമാണ് മുസ്‌ലിം സമൂഹത്തിന്ന് വളർച്ചയുടെ പടവുകൾ നിഷേധിക്കുന്നത്. ഓരോരുത്തരും അവരുടെ കൈകളും

കണ്ണുകളും എത്തുന്നേടംവരെയേ പ്രപഞ്ചത്തിന്റെ വ്യാപ്തി കാണുന്നുള്ളു. ചക്രവാളത്തിന്നപ്പുറം കണ്ണയക്കാൻ, മനസ്സ് തുറന്നുവെക്കാൻ വ്യക്തി താൽപര്യങ്ങളോ ഭൗതിക താൽപര്യങ്ങളോ പലരെയും സമ്മതിക്കുന്നില്ല. മുസ്‌ലിംകളെ ഉദ്ധരിക്കാനും ഉദ്ബുദ്ധരാക്കാനുമുദ്ദേശിച്ചുകൊണ്ട് ഇഖ്ബാൽ എഴുതിയ കവിതകളിലൊന്നായ, സിതാരോം കെ ആഗേ ജഹാൻ ഔർ ഭീ ഹെ (നക്ഷത്രങ്ങൾക്കപ്പുറവും ലോകമുണ്ട്) എന്നു തുടങ്ങുന്ന 'ബാലെ ജിബ്‌രീൽ' എന്ന കവിതയിൽ,

*തൂ ശാഹീൻ ഹെ പർവാസ് ഹെ കാം തെരാ*
*തെരേ സാംനെ ആസ്‌മാൻ ഔർ ഭീ ഹെ*
(നീ രാജാളിപ്പക്ഷിയാണ്. ഉയരത്തിൽ പറക്കുകയെന്നതാണ് നിന്റെ കർമം,
നിന്റെ മുമ്പിൽ ആകാശങ്ങൾ വേറെയുമുണ്ട്) എന്ന് കാണാം.

ക്രിയാത്മക ന്യൂനപക്ഷമായി സമൂഹത്തിന്നു വേണ്ടി ജീവിച്ചപ്പോഴെല്ലാം മുസ്‌ലിംകൾ പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് ചരിത്രത്തിൽ ഇടം നേടിയതിന്റെ ഉദാഹരണമാണ് വൈജ്ഞാനികരംഗത്തും മറ്റു പല മേഖലകളിലും സംഭാവനകൾ നൽകി ഒടുവിൽ യൂറോപ്പിന്ന് നവോത്ഥാനത്തിന്ന് വഴിയൊരുക്കിയതിലൂടെ നാം കണ്ടത്. ചരിത്രപരമായ ഇങ്ങനെയൊരു ദൗത്യം നിർവഹിക്കുന്നതിലാണ് ഇപ്പോൾ മുസ്‌ലിംകൾ പലപ്പോഴും പിന്നിൽ നിൽക്കുന്നത്. പകരം ആചാരാനുഷ്ഠാനങ്ങളുടെയും സിദ്ധാന്ത വാശിയുടെയും പാർട്ടിപക്ഷപാതിത്വത്തിന്റെയും കുടുസ്സായ മേഖലകളിൽ അവർ സ്വയം തളച്ചിടുന്നു. ആരും നിർബന്ധിക്കുന്നില്ലെങ്കിൽ പോലും സ്വന്തം താൽപര്യങ്ങളുടെ സംരക്ഷണത്തിന്ന് ഇങ്ങനെയൊരു വഴി അവർ പലപ്പോഴും സ്വയം തെരഞ്ഞെടുക്കുന്നതാണ് താനും. "വായിക്കുക" എന്ന വാക്കുകൊണ്ട് തുടങ്ങി അവതീർണമായ വിശുദ്ധഗ്രന്ഥത്തിൽ വിശ്വസിക്കുന്നവർക്ക് അറിവിനെ പിന്നാമ്പുറത്ത് വെക്കാനാവില്ല. എന്നാലും അതൊരു ചര്യയാണിന്ന്. കാലത്തെയും മാറ്റങ്ങളെയും കുറിച്ച് അറിയാതെ എങ്ങനെ കാലാനുസൃതമായി മാറും? "ഒരു ജനത അവരുടെ നിലപാടുകളെ സ്വയം മാറ്റുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിയെ മാറ്റുന്നില്ല" എന്ന ഖുർആൻ വാക്യം (13:11) മറ്റേത് അർഥത്തിലാണ് മനസ്സിലാക്കേണ്ടത്? വായിക്കാത്തതു കൊണ്ട് വായിക്കുന്ന സമൂഹവുമായി എല്ലാ മേഖലകളിലും ഇടപഴകാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഇടപഴകാൻ ബുദ്ധിമുട്ടുണ്ടാവുമ്പോൾ സ്വീകരിക്കുന്ന നിലപാട് മാറി നിൽക്കുക എന്നതാണ്. മാറിനിൽക്കുമ്പോൾ ഒറ്റപ്പെടുകയും മറ്റുള്ളവരിൽ സംശയം ജനിക്കാനിടവരികയും ചെയ്യുന്നു എന്ന് മനസ്സിലാവുന്നുമില്ല.

ഓരോരുത്തരും സ്വന്തം ഉപജീവനമേഖലയിൽ മാത്രമാണ് മിക്കവാറും സമയം ചെലവഴിക്കുന്നത്. ബാക്കിയുള്ള സമയം കുടുംബത്തോടൊപ്പവും കഴിയുന്നു. ലോകത്തിന്റെ ചലനങ്ങളിൽ ഒട്ടും ശ്രദ്ധയോ താൽപര്യമോ കാണിക്കുന്നില്ല. അങ്ങനെയൊരു പറ്റത്തെ നയിക്കാനാണ് സമുദായ നേതൃത്വം മുന്നിട്ടിറങ്ങിയതെങ്കിൽ മുകളിൽ പറഞ്ഞ ഗുണം ആർജിക്കേണ്ടതത്യാവശ്യമാണ്. എങ്കിലേ അവർ ടോയൻബി വിശേഷിപ്പിച്ച ചരിത്രത്തിന്റെ ചാലകശക്തിയായ ക്രിയേറ്റീവ് മൈനോറിറ്റി – ക്രിയാത്മക ന്യൂനപക്ഷം – ആവുന്നുള്ളൂ. അങ്ങനെയുള്ളവർ ഉണ്ടാവട്ടെ എന്നാവും ഖുർആൻ "നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു വിഭാഗം നിങ്ങളിൽ നിന്നുണ്ടാവട്ടെ" എന്ന സൂക്തം കൊണ്ടുദ്ദേശിച്ചത്.

പറ്റമായി നീങ്ങുന്ന ഇനം മൃഗങ്ങൾക്കിടയിലും പറ്റങ്ങളായി കഴിയുന്ന തേനീച്ചകൾക്കിടയിലും കൂട്ടത്തിൽ താരതമ്യേന അതിജീവനശേഷി കുറഞ്ഞവയെ

**കഴിവും പ്രാപ്തിയുമുള്ളവ മാത്രമേ ലോകത്ത് നിലനിൽക്കുന്നുള്ളു. അല്ലാത്തവ കാലയവനികക്കുള്ളിൽ മാഞ്ഞുപോകുന്നു. ഏതൊരു സമൂഹവും അതിന്റെ ചരിത്രപരമായ കർത്തവ്യം നിർവഹിക്കേണ്ടതുണ്ട്.**



**അലസതയോടെ ജീവിതം നയിക്കുന്നവർക്ക് ജീവിക്കാൻ അർഹതയില്ലെന്നാണ് കാലം നൽകുന്ന പാഠം. എപ്പോഴും സജീവമായി നിൽക്കുകയും സമൂഹത്തിന്ന് ഗുണകരമായ കാര്യങ്ങളിൽ മുഴുകുകയുമാണ് വേണ്ടതെന്ന് ഇതിന്നർഥം.**

പീഡിപ്പിച്ച് മരണത്തിലേക്കെത്തിക്കുന്ന ഒരു രീതി പ്രകൃത്യാ തന്നെ ഉണ്ട്. അതി ജീവനശേഷി കുറഞ്ഞവ അങ്ങനെ ഭൂമുഖത്തു നിന്ന് ഇല്ലാതാവുന്നു. കാലത്തിനൊത്ത് നീങ്ങാൻ കഴിയാത്ത മനുഷ്യരുടെയും സംഘടനകളുടെയും കാര്യത്തിലും പ്രകൃതിയുടെ രീതി ഇതു തന്നെയാവും. ഇത് മനസ്സിലാക്കാനുള്ള ബുദ്ധിയാണ് സംഘടനകളും നേതൃത്വവും കാണിക്കേണ്ടത്.

ഹസ്രത്ത് അലിയുടേതായി ഉദ്ധരിക്കപ്പെടുന്ന ഒരു കവിത ഇങ്ങനെ വായിക്കാം:

*ഇദാ ആശൽ ഫതാ സിത്തീന ആമൻ*
*ഫനിസ്ഫുൽ ഉംരി തംഹഖുഹുല്ലയാലീ*
*വനിസ്ഫുന്നിസ്ഫി യദ്ഹബു ലൈസ യദ്രീ*
*ബിഗഫ്ലതിഹി യമീനൻ അൻ ശിമാലീ*
*വസുലുസുന്നിസ്ഫി ആമാലുൻ വ ഹിർസുൻ*
*വശുഗ്ലുൻ ബിൽമകാസിബി വൽ ഇയാലി*
*വബാഖിൽ ഉംരി അസ്ഖാമുൻ വശൈബുൻ*
*വഹമ്മുൻ ബിർതിഹാലിൻ വൻതിഖാലി.*

ഇതിന്ന് മലയാളത്തിലെ പ്രസിദ്ധ കവി ടി. ഉബൈദ് നൽകിയ പരിഭാഷ ഇങ്ങനെ:

*അറുപതാണ്ടൊരു മർത്ത്യൻ പാരിടത്തിൽ ജീവിച്ചാകി-*
*ലിരവുകൾ മായ്ക്കുമല്ലോ പകുതി ഭാഗം.*
*തദർദ്ധത്തിലൊരു പാതിയശ്രദ്ധയാൽ കറങ്ങിയും*
*സ്വതെയവൻ നിനയാതെ കടന്നു പോകും.*
*ഒടുപാദത്തിൻ ത്രൈയേകം വ്യാമോഹവുമാഗ്രഹവും*
*കുടുംബവും തൊഴിൽകളും കവർന്നീടുന്നു.*
*ശിഷ്ടമായുസ്സ് യാത്ര, രോഗം, ദു:ഖം, വാർദ്ധക്യവും*

*മറ്റുമായി കഴിഞ്ഞു പോകും നിനച്ചൊകിൽ.*
*ഐഹികായുസ്സിന്റെ ഗതിയിതുവിധമാകിൽ മർത്ത്യൻ*
*മോഹിപ്പത് ഭോഷത്വ താൻ ദീർഘായുസ്സിനായി.*

ഒരു മനുഷ്യായുസ്സിന്റെ ദൈർഘ്യമില്ലായ്മയെയാണ് ഈ കവിത വരച്ചുകാട്ടുന്നത്. ഇത്രയും ദൈർഘ്യം കുറഞ്ഞ ജീവിതകാലയളവിലാണ് കഴിവും പ്രാഗത്ഭ്യവും നേതൃപാടവവുമുള്ളവർ സമൂഹത്തിന്ന് ഗുണകരമായ തരത്തിൽ ജീവിച്ച് മഹത്തായ സംഭാവനകളർപ്പിക്കുകയും ജീവിതത്തെ അർഥവത്താക്കുകയും ചെയ്യുന്നത്. കഴിവും പ്രാപ്തിയുമുള്ളവ മാത്രമേ ലോകത്ത് നിലനിൽക്കുന്നുള്ളൂ. അല്ലാത്തവ കാലയവനികക്കുള്ളിൽ മാഞ്ഞുപോകുന്നു. ഏതൊരു സമൂഹവും അതിന്റെ ചരിത്രപരമായ കർത്തവ്യം നിർവഹിക്കേണ്ടതുണ്ട്. അലസതയോടെ ജീവിതം നയിക്കുന്നവർക്ക് ജീവിക്കാൻ അർഹതയില്ലെന്നാണ് കാലം നൽകുന്ന പാഠം. എപ്പോഴും സജീവമായി നിൽക്കുകയും സമൂഹത്തിന്ന് ഗുണകരമായ കാര്യങ്ങളിൽ മുഴുകുകയുമാണ് വേണ്ടതെന്ന് ഇതിന്നർഥം.

മുസ്‌ലിംകൾക്ക് അവർ ജീവിക്കുന്ന സമൂഹവുമായി ഇടപഴകുന്നതിൽ വിലങ്ങുതടിയായി നിൽക്കുന്ന പല ഘടകങ്ങളുമുണ്ട്. സാധാരണ നിലക്ക് അനുവദനീയം എന്ന പട്ടികയിൽ പെടുത്താവുന്ന പലതും മുസ്‌ലിം പണ്ഡിതന്മാർ മുമ്പു മുതൽക്കു തന്നെ നിഷിദ്ധങ്ങളുടെ പട്ടികയിൽ പെടുത്തുക എന്ന ഒരബദ്ധം സംഭവിച്ചിട്ടുണ്ടിവിടെ. മതപണ്ഡിതപ്പട്ടം കെട്ടിയാടിയിരുന്നവർ മുമ്പ് അവരുടെ അതിജീവനത്തിന്നായി കണ്ടുപിടിച്ച വിദ്യകളിലൊന്നായിരുന്നു പലതും നിഷിദ്ധമാക്കുകയെന്നത്. പല മേഖലകളിലും അത് മുസ്‌ലിംകളെ പിന്നോട്ട് വലിക്കുകയുണ്ടായിട്ടുണ്ട്.

ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ലാത്ത ഒരു കാലഘട്ടം കേരളത്തിൽ മുസ്‌ലിംകൾക്കിടയിൽ കഴിഞ്ഞു പോയിട്ടുണ്ട്. മുടി വളർത്തുന്നതിനെ വെറുപ്പോടെ കണ്ട ഒരു കാലഘട്ടവുമുണ്ടായിരുന്നു. ഹജ്ജ് കർമം നിർവഹിക്കാൻ അപേക്ഷ കൊടുക്കുമ്പോൾ ഫോട്ടോ നിർബന്ധമാവുന്നതു വരെ പലേടങ്ങളിലും ഫോട്ടോയും നിഷിദ്ധമായിരുന്നു. പിന്നീട് വീഡിയോയുടെ കാലമായി. ഇപ്പോഴും വീഡിയോ ഉള്ളേടത്ത് പങ്കെടുക്കാതെ മാറിനിൽക്കുന്ന യാഥാസ്ഥിതികരായ പണ്ഡിതന്മാരുണ്ട്. സിനിമ നേരത്തേ തന്നെ ഇക്കൂട്ടർ നിഷിദ്ധമാക്കിയിരുന്നു. സംഗീതം ഇപ്പോഴും പലർക്കും അനുവദനീയമല്ല. കാലം കുറേ കഴിഞ്ഞപ്പോൾ ഇവയിൽ പലതും അനുവദനീയമായി. എന്നാൽ ഇപ്പോഴും നിഷിദ്ധങ്ങളുടെ പട്ടികയിലാണ് സംഗീതം, സിനിമ തുടങ്ങിയവ പലർക്കും.

ഖുർആൻ വ്യക്തമായി നിരോധിക്കാത്തവ മുഴുവൻ അനുവദനീയമാണ് എന്ന കാഴ്ചപ്പാട് പുലർത്തുന്ന പണ്ഡിതന്മാർ ധാരാളമുണ്ട്. അവർ സംഗീതത്തെയോ ഫോട്ടോഗ്രഫിയെയോ നിഷിദ്ധങ്ങളുടെ പട്ടികയിൽ പെടുത്തിയിട്ടില്ല. പല മുസ്‌ലിം സംഘടനകളും ഇപ്പോൾ സ്വന്തമായി ഇസ്‌ലാമിക വിഷയങ്ങളിൽ സിനിമകൾ നിർമിച്ചു തുടങ്ങിയിട്ടുണ്ട്. അവക്ക് സംഗീതം പകരുന്നുമുണ്ട്. അതിലെല്ലാം ചിത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. ചിത്രങ്ങളെ നിഷിദ്ധങ്ങളുടെ കൂട്ടത്തിൽ പെടുത്തുന്ന സങ്കുചിതഹൃദയരായ നിർഭാഗ്യവാന്മാരും നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നുണ്ട്. അവർക്ക് നമസ്കരിക്കുമ്പോൾ കഅ്ബയുടെ ചിത്രമുള്ള പ്രാർഥനാ ശീല – മുസല്ല – ഉപയോഗിക്കുന്നത് വർജിക്കേണ്ട ഒന്നാണ്. “അല്ലാഹു സുന്ദരനാണ്; അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു” എന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ചൈതന്യം ഉൾക്കൊണ്ടപ്പോഴാണ് പഴയകാല മുസ്‌ലിംകൾക്ക് അവർ കീഴടക്കിയ ഭൂപ്രദേശങ്ങളിൽ

**ഇപ്പോഴും വീഡിയോ ഉള്ളേടത്ത് പങ്കെടുക്കാതെ മാറിനിൽക്കുന്ന യാഥാസ്ഥിതികരായ പണ്ഡിതന്മാരുണ്ട്. സിനിമ നേരത്തേ തന്നെ ഇക്കൂട്ടർ നിഷിദ്ധമാക്കിയിരുന്നു. സംഗീതം ഇപ്പോഴും പലർക്കും അനുവദനീയമല്ല. കാലം കുറേ കഴിഞ്ഞപ്പോൾ ഇവയിൽ പലതും അനുവദനീയമായി. എന്നാൽ ഇപ്പോഴും നിഷിദ്ധങ്ങളുടെ പട്ടികയിലാണ് സംഗീതം, സിനിമ തുടങ്ങിയവ പലർക്കും.**

നൂറ്റാണ്ടുകളോളം തലയുയർത്തി നിന്ന ചേതോഹരമായ കെട്ടിടങ്ങളും ഉദ്യാനങ്ങളും മനോഹരമായ പള്ളികളും മറ്റും നിർമിക്കാനായത്. കൊർദോവയിലേയും അൽഹംറയിലേയും ശിൽപചാതുരിയുള്ള പള്ളികൾ എന്നും കണ്ണുകൾക്ക് കുളിർ മയേകുന്നതും ഹൃദ്യവുമായിരുന്നു. കലയോടുള്ള മനസ്സിന്റെ ആഭിമുഖ്യം തന്നെയാണ് പിൽക്കാലത്ത് മുസ്‌ലിം ഭൂപ്രദേശങ്ങളിൽ കാലിഗ്രഫിക്ക് ജന്മം കൊടുത്തതും.

വിഗ്രഹഭജ്ഞനവുമായി ബന്ധപ്പെട്ട് പുലർത്തി വന്ന വിശ്വാസത്തിന്റെ ഭാഗമായിട്ടായിരുന്നു ചിത്രങ്ങളെ നിഷിദ്ധങ്ങളുടെ പട്ടികയിൽ പലരും പെടുത്തിയിരുന്നത്. ഏതെങ്കിലും വസ്തുവിന്റെ ചിത്രീകരണം നിഷിദ്ധമാക്കുന്ന ഖുർആൻ വാക്യങ്ങളൊന്നും തന്നെയില്ല. എട്ടാം നൂറ്റാണ്ടിൽ അബ്ബാസിയാ കാല ഘട്ടത്തിലാണ് ഇങ്ങനെയുള്ള പല മതവിധികളും വരുന്നത്. പിന്നീടത് ഇസ്‌ലാമിക ചിന്തയുടെ ഭാഗമായി ഭൂരിഭാഗം മുസ്‌ലിംകളും കാണുകയായിരുന്നു എന്ന് പറയപ്പെടുന്നു. വിഗ്രഹാരാധനയിലേക്ക് നയിക്കപ്പെടുമോ എന്ന ഭയമായിരുന്നു ഇതിന്ന് പിന്നിൽ. സമൂഹമനസ്സ് അന്ന് അത്രയേ വളർന്നിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് അതല്ല സ്ഥിതി.

സ്മാരകസൗധങ്ങളിൽ എക്കാലവും മുമ്പിൽ നിൽക്കുന്ന താജ്മഹലിന്റെ പല ഭാഗങ്ങളിലും കൊത്തുപണികളിലൂടെ ചെയ്തുവെച്ച ഖുർആൻ ലിഖിതങ്ങൾ കാലിഗ്രഫിയുടെ അന്യൂനവും അദ്വിതീയവും അത്യാകർഷകവുമായ നിദർശന ങ്ങളായി ഇന്നും നമ്മുടെ മുമ്പിൽ നിലനിൽക്കുന്നുണ്ട്. ഇന്ത്യയിലെയും പേർഷ്യയിലെയും ഉസ്മാനി തുർക്കിയിലെയും ഇരുപതിനായിരത്തിലധികം തൊഴിലാളികൾ അനേകവർഷമെടുത്ത് പണിതീർത്ത ആ സ്മാരകസൗധത്തിൽ ഖുർആൻ സൂക്തങ്ങൾ ഉല്ലേഖനം ചെയ്തത് അമാനത്ത് ഖാൻ ശീറാസിയുടെ നേതൃത്വത്തിലുള്ള കലാകാരന്മായിരുന്നു. അതിന്റെ കവാടങ്ങളിലൊന്നിൽ ''സമാധാനം പ്രാപിച്ച ആത്മാവേ, സംപ്രീതനും നിന്റെ നാഥങ്കൽ പ്രീതിപ്പെട്ടവനുമായി എന്റെ ദാസന്മാരോടൊപ്പം ചേർന്നു കൊള്ളുക, എന്റെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക''! (89:27-30)എന്ന സൂക്തമാണ് കൊടുത്തിരിക്കുന്നത്. കമാനരൂപത്തിലുള്ള മുഖ്യ പ്രവേശന കവാടത്തിൽ മുപ്പത്തി ആറാമത്തെ അദ്ധ്യായമായ യാസീൻ അതിമനോഹരമായി ഉല്ലേഖനം ചെയ്തിരിക്കുന്നു. താഴെ വലതു ഭാഗത്ത് നിന്ന് തുടങ്ങി മുകളിലൂടെ ഇടത് ഭാഗത്ത് താഴേക്കെത്തുമ്പോൾ അദ്ധ്യായം അവസാനിക്കുന്ന തരത്തിലാണെഴുത്ത്. നോക്കി വായിക്കുന്ന ആൾക്ക് അക്ഷരങ്ങൾ ഒരേ വലുപ്പത്തിൽ വായിക്കാനായി ഉയരത്തിന്നനുസരിച്ച് ആനുപാതികമായി അക്ഷരങ്ങൾക്ക് വലുപ്പം കൂട്ടിയാണ് അത് മനോഹരമായി നിർവഹിച്ചിരിക്കുന്നത്. ജ്യാമിതീയത കാലിഗ്രഫിയിൽ മാത്രമല്ല,

സ്മാരകസൗധത്തിന്റെ എല്ലാ ഭാഗങ്ങളിലും ദൃശ്യമാണ്. മുഗൾഭരണകാലത്തെ ഏററവും മനോഹരമായ സ്മാരകമായി ഇന്നും നിലകൊള്ളുന്ന താജ്മഹലിന് പ്രചോദകമായത് ഇസ്ലാം മുസ്ലിംകളിൽ സന്നിവേശിപ്പിച്ച സൗന്ദര്യ സങ്കൽപമായിരുന്നു എന്ന് കാണാതിരിക്കരുത്. സൗന്ദര്യബോധത്തെ അല്ലാഹു നിഷിദ്ധമാക്കിയിട്ടില്ലെങ്കിലും അതിനെ ആർഭാടത്തിന്റെ പട്ടികയിൽ പെടുത്തി നിഷിദ്ധങ്ങളുടെ കൂട്ടത്തിലെണ്ണാൻ വിവരം കുറഞ്ഞ പണ്ഡിതന്മാർക്ക് അസാധാരണമായ വ്യഗ്രതയുണ്ടായിരുന്നു ഒരു കാലത്ത്. കാലത്തിന്റെ മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാത്തതിന്റെ കുഴപ്പമായിരുന്നു അത്. കാലം കുറേ കഴിഞ്ഞപ്പോൾ ഗൾഫിൽ പോയി നാല് കാശുണ്ടാക്കി വന്നവർ നല്ല വീടുകളുണ്ടാക്കിയപ്പോൾ സൗന്ദര്യം കുടിപ്പോയെന്ന് പറഞ്ഞ് അതും ആഡംബരത്തിന്റെ പട്ടികയിൽ പെടുത്തി മുഖം തിരിച്ച പണ്ഡിതന്മാരും മുസ്ലിംകൾക്കിടയിലുണ്ട്. “ആർ മനസ്സിന്റെ ലുബ്ധിൽ നിന്ന് മുക്തനാവുന്നുവോ അവരത്രെ വിജയികൾ” എന്ന ഖുർആൻ സൂക്തം (59:9) ഇവരെ ഉദ്ദേശിച്ചാവണം.

ആഡംബരമെന്നത് ആപേക്ഷികമാണ്. പ്രകൃതിയിലെല്ലായിടത്തും കാണാം നിമ്നോന്നതികൾ. ലോകത്തെല്ലായിടത്തും പുഷ്പങ്ങൾ ഒരേപോലെ പൂത്തുല്ലസിക്കുന്നില്ല. ശൈത്യരാജ്യങ്ങളിൽ പൂക്കൾ വിടർന്നു നിൽക്കുന്ന കാഴ്ച ഉഷ്ണ രാജ്യങ്ങളിൽ കാണുക പ്രയാസം. മിതശീതോഷ്ണ മേഖലയിലുള്ള നമ്മുടെ കേരളത്തിന്റെ ഹരിതഭംഗി ഗൾഫ് നാടുകളിൽ കാണില്ലല്ലോ. സസ്യലതാദികളിലും ജന്തുജാലങ്ങളിലുമെല്ലാം ഈ വ്യത്യാസങ്ങൾ കാണാം. അനുകൂല സാഹചര്യങ്ങളുള്ളേടത്ത് അവ നന്നായി വളർന്ന് പൂത്തുല്ലസിക്കുന്നു. മനുഷ്യരുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. സാഹചര്യങ്ങൾ അനുകൂലമായുള്ളവന്ന് കൂടുതൽ ജീവിത സൗകര്യങ്ങളുണ്ടാവുന്നു. അല്ലാത്തവന്ന് ഉള്ളതു കൊണ്ട് തൃപ്തിപ്പെടേണ്ടി വരുന്നു. ജീവിതാനുഗ്രഹങ്ങളിലെ ഈ ഏറ്റക്കുറച്ചിലുകൾ പരമാവധി കുറക്കാൻ ഉള്ളവൻ ഇല്ലാത്തവന്ന് കൊടുക്കാൻ നിർദേശിക്കുന്ന ഒരു രീതിയാണ് ഇസ്ലാം സ്വീകരിച്ചത്. അതോടൊപ്പം തന്നെ, ഉള്ളവൻ തനിക്ക് ലഭിച്ച അനുഗ്രഹങ്ങൾ കെട്ടിപ്പൂട്ടിവെച്ച് ദൈന്യത അഭിനയിക്കുന്നതിനെ അല്ലാഹു ഇഷ്ടപ്പെടുന്നുമില്ല. ‘അല്ലാഹു തന്റെ ദാസന്റെ മേൽ വർഷിച്ച അനുഗ്രഹം അവനിൽ വെളിപ്പെട്ടു കാണാൻ ഇഷ്ടപ്പെടുന്നു’ എന്ന നബിവചനം ഇതാണ് പഠിപ്പിക്കുന്നത്.

സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിലും ഗാനങ്ങൾ ആലപിക്കുന്നതിലും ഇതു പോലെ നിരോധം നിലനിന്നിട്ടുണ്ട്; ഇപ്പോഴും പലേടങ്ങളിലും നിലനിൽക്കുന്നുമുണ്ട്. നിരോധിച്ചുകൊണ്ട് ശരീഅത്തിന്റെ ഖണ്ഡിത വിധിയില്ലാത്ത കാലത്തോളം ഏതൊരു കാര്യവും അനുവദനീയമെന്ന ഗണത്തിലാണ് പെടുത്തേണ്ടതെന്ന് യൂസുഫുൽ ഖറദാവിയുടെ അഭിപ്രായമുദ്ധരിച്ചുകൊണ്ട് ഒരിസ്ലാമിക വെബ്സൈറ്റിൽ വന്ന ലേഖനത്തിൽ കാണുന്നു. ലോകത്തെ ഏതൊരു വസ്തുവിന്റെ ഉപയോഗത്തിലും നന്മയും തിന്മയും ഉണ്ടാവും. നാം വീട്ടിലുപയോഗിക്കുന്ന കത്തി പച്ചക്കറിയും മീനും മുറിക്കാനുപയോഗിക്കുന്നതു പോലെ ആളുകളെ കൊല്ലാനും ഉപയോഗിക്കാം. നാം വെള്ളമെടുക്കുന്ന കിണറുകളിൽ ആളുകളെ തള്ളിയിട്ട് കൊല്ലാം, അല്ലെങ്കിൽ അതിൽ ചാടി ഒരാൾക്ക് ആത്മഹത്യ ചെയ്യാം. വെള്ളം കോരാനുപയോഗിക്കുന്ന കയറുപയോഗിച്ചും ഇത് ചെയ്യാം. എന്നു വെച്ച് നാം കത്തിയുപയോഗിക്കുന്നതും കിണർ കുഴിക്കുന്നതും നിരോധിച്ചിട്ടില്ല. നാം നിത്യേന ഉപയോഗിക്കുന്ന മോട്ടോർ വാഹനങ്ങളിടിച്ച്

ആളുകൾക്ക് ജീവനാശം സംഭവിക്കുന്നുണ്ട്. അക്കാരണംകൊണ്ട് നാം റോഡുകളിൽ വാഹനങ്ങളുപയോഗിക്കുന്നത് വിലക്കിയിട്ടില്ല. മാനസികമായി വളർച്ച പ്രാപിച്ച സമൂഹങ്ങൾ സാധാരണയായി ഇത്തരം കാര്യങ്ങളിൽ ചെയ്യുന്നത് അത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ അതിൽ സമൂഹത്തിന്ന് ഹാനി വരാതിരിക്കാനായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ്. പല കാര്യങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ തന്നെ നാം നിയന്ത്രണങ്ങൾ പാലിക്കുന്നു. ഒരു സംസ്കൃത സമൂഹത്തിന്റെ ലക്ഷണമാണത്. ഇതേ തത്ത്വമാണ് സംഗീതോപകരണങ്ങളുടെ കാര്യത്തിലും പാലിക്കാവുന്നത് എന്നാണ് പ്രസ്തുത ലേഖനത്തിൽ കാണുന്നത്.

പാട്ടുകൾ ശ്രുതിമധുരമായ വാക്കുകളാണ്. അവ നല്ലതാണെങ്കിൽ ആ പാട്ടും നല്ലതു തന്നെ. അതിന്റെ ഉള്ളടക്കം മോശമാണെങ്കിൽ, അതായത് മനുഷ്യമനസ്സിൽ സഭ്യേതരവും മാന്യതക്ക് നിരക്കാത്തതുമായ ചിന്തകൾ ഉളവാക്കുന്നതാണെങ്കിൽ അത് ചീത്തയുമാണ്. സഭ്യേതരമായ സംസാരവും മാന്യതക്ക് നിരക്കാത്ത വിഷയങ്ങളുൾക്കൊള്ളുന്ന പ്രഭാഷണങ്ങളും നിഷിദ്ധങ്ങളുടെ പട്ടികയിൽ വരുന്നതു പോലെ, സഭ്യേതരമായ പാട്ടുകളും അക്കൂട്ടത്തിൽ പെടുത്താം. എന്നാൽ, നല്ല സംസാരവും മനുഷ്യമനസ്സുകളിൽ നന്മ വിതക്കുന്ന പ്രഭാഷണങ്ങളും നല്ലത് എന്ന ഗണത്തിൽ പെടുന്നതു പോലെ, മനസ്സിന്ന് ശാന്തി പകരുന്ന സംഗീതവും അതേ ഗണത്തിൽ പെടേണ്ടതാണ്. സംഗീതത്തിന്ന് രോഗശമനത്തിന്നുള്ള സാധ്യതകളെക്കുറിച്ച് പഠനങ്ങൾ നടന്നിട്ടുണ്ട്. മ്യൂസിക് തെറാപ്പി എന്നൊരു ചികിൽസാരീതി തന്നെയുണ്ട്. ശ്രുതിമധുരമായ വാക്കുകൾ താളബദ്ധമായി ഉപയോഗിക്കുമ്പോഴാണ് അത് സംഗീതാത്മകമാവുന്നത്. കാതുകൾക്ക് ഇമ്പം നൽകുകയും ഹൃദയത്തിന്ന് ശാന്തി നൽകുകയും ചെയ്യുന്ന തരത്തിൽ സ്വരവും സ്വനവും രാഗവും താളവുമെല്ലാം ഇഴചേർന്ന് വരുമ്പോൾ അത് മനസ്സിൽ കുളിര് കോരിച്ചൊരിയുകയും വിഷമങ്ങളെ അകറ്റി നിർത്തുകയും ചെയ്യുന്നു. മനുഷ്യന്ന് ഇങ്ങനെയൊരു ആസ്വാദനശേഷി ഉള്ളതു കൊണ്ടാണല്ലോ നാമെല്ലാം പക്ഷികളുടെ കളകൂജനങ്ങൾ കേൾക്കുമ്പോഴും വാനമ്പാടിയുടെ പാട്ടു കേൾക്കുമ്പോഴും കാതോർത്തു പോവുന്നത്. വല്ലകിയുടെ തന്ത്രികൾ അയച്ചിടാൻ വെമ്പൽ കൊള്ളുന്ന സംഗീതവിരുദ്ധരായ മതശാഠ്യക്കാർക്ക് വാനമ്പാടിയോട് പാടരുതെന്ന് ആജ്ഞാപിക്കാനാവുമോ? അതേ ഹൃദ്യാനുഭവം രാഗതാളങ്ങളിലൂടെ മനുഷ്യനുണ്ടാക്കുമ്പോൾ ആസ്വദിക്കുന്നതിന്ന് വിലക്കുകളേർപ്പെടുത്തുന്നത് യുക്തിവിരുദ്ധമാകും. നമുക്ക് അതിനെക്കുറിച്ച് വിവരമില്ലെങ്കിൽ അവയെല്ലാം കണ്ണടച്ച് നിരോധിക്കുകയല്ല ശരിയായ രീതി. ജീവിക്കുന്ന കാലത്തിന്നപ്പുറം കടന്നു ചിന്തിക്കാൻ കഴിയുക എന്നത് നേതൃപാടവത്തിന്റെ ഭാഗമാണ്. മുസ്‌ലിം സംഘടനകളുടെ നേതൃത്വത്തിലുള്ള പലർക്കും ഇല്ലാതെ പോവുന്നതും ഇത് തന്നെയല്ലേ? മതം സമഗ്ര ജീവിത പദ്ധതിയാണെങ്കിൽ ജീവിതത്തിന്റെ സമസ്തമേഖലകളെക്കുറിച്ചും അവയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും ധാരണയുണ്ടാവേണ്ടതാവശ്യമാണ് എന്നാണ് ഇതു നൽകുന്ന പാഠം.

ഇത്രയും എഴുതിയത് സംഗീതം, സിനിമ, നാടകം തുടങ്ങിയ കാര്യങ്ങളിൽ മുസ്‌ലിംകൾ പൊതുവിൽ കാണിക്കുന്ന വിമുഖതയെക്കുറിച്ച് പറയാനാണ്. വിവിധ മതങ്ങളും ആചാരങ്ങളും ജീവിതരീതികളും കലാരൂപങ്ങളുമെല്ലാമുള്ള നമ്മുടെ സമൂഹത്തിൽ ജീവിക്കുമ്പോൾ മതപരമായി നിഷിദ്ധമല്ലാത്ത കാര്യങ്ങളിൽ മറ്റു മതസ്ഥരോടൊപ്പം പങ്കെടുക്കാനുള്ള സന്മനസ്സ് കാണിക്കേണ്ടി വരും. ഇന്ന് സംഗീത

പരിപാടികൾക്കും സിനിമ കാണുന്നതിന്നും കലാപരിപാടികൾ ആസ്വദിക്കുതിന്നുമെല്ലാം പോകുന്നവർ പൊതുവിൽ ഒരു മതസംഘടനയോടും നേരിട്ട് ബന്ധം പുലർത്താത്തവരാണെന്ന് കാണാം. മതസംഘടനകളുമായി ബന്ധമുള്ളവർ ഇത്തരം കാര്യങ്ങളുടെ നേരെ മനസ്സിൽ നിരോധമേർപ്പെടുത്തിയവരാണ്. നേരിട്ട് പങ്കെടുക്കുന്നതിൽനിന്ന് എന്തോ അവരെ തടയുന്നുണ്ട്. സംഘടനകൾ ഇത്തരം കാര്യങ്ങളിൽ നേരത്തേ ഏർപ്പെടുത്തിയ വിലക്കുകൾ ഉപബോധമനസ്സിൽ അവശേഷിക്കുന്നതാവാം ഇതിന്ന് കാരണം. അത് സംഘടനകളും പണ്ഡിതന്മാരും അവർക്കുള്ളതോ ഇല്ലാത്തതോ ആയ അധികാരങ്ങളുപയോഗിച്ച് കഴിഞ്ഞ കാലത്ത് വിലക്കുകളേർപ്പെടുത്തിയതായി ഇത്തരം കുറേ മേഖലകളുണ്ട്. അവ ഇപ്പോഴും അവശേഷിക്കുന്നത് മുസ്‌ലിം സമൂഹത്തിന്ന് ഗുണകരമോ ദോഷകരമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതരമതസ്ഥരുമായി ഇടപഴകാനുള്ള മേഖലകളിൽ ഹൃദയം പങ്കുവെക്കാവുന്നവയാണ് ഇവയിൽ പലതും. അവിടെ വിലങ്ങുകൾ വീഴാൻ അനുവദിക്കുന്നത് വിവിധ മതസമൂഹങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താനുദ്ദേശിച്ചുള്ള നീക്കങ്ങൾക്ക് സഹായകമാവില്ല. സ്വന്തം മതവിശ്വാസത്തിന്ന് കോട്ടംതട്ടാത്ത വിധത്തിൽ ഇതരമതസമൂഹങ്ങളോടൊപ്പം ചേർന്ന് ജീവിക്കുകയും പൊതുനന്മക്ക് അവരോടൊപ്പം തോളോടു തോൾ ചേർന്ന് യത്നിക്കുകയും ചെയ്യുന്നത് ബന്ധം മെച്ചപ്പെടുത്താനും മുസ്‌ലിംകളുടെ ജീവിതത്തെ നേരിൽ മനസ്സിലാക്കാൻ അവർക്ക് അവസരമൊരുക്കാനും സഹായിക്കും.

മതം വിലക്കുകളേർപ്പെടുത്തിയിട്ടില്ലാത്ത മേഖലകളിൽ വിലക്കുകൾ ഏർപ്പെടുത്തിയപ്പോഴാണ് പലപ്പോഴും മുസ്‌ലിംകൾ പരിഹാസ്യരായത്. ആവശ്യമില്ലാതെ പരിഹാസങ്ങളും വിമർശനങ്ങളും വാങ്ങിക്കൂട്ടുകയാണിപ്പോഴും ഈ സമുദായം. "നിങ്ങൾ തന്നെയാണുന്നതർ" എന്ന വേദവാക്യം മനസ്സിൽ കൊണ്ടുനടന്നത് കൊണ്ടൊന്നും മായുന്നതല്ല ഇത്തരം ആഭാസമാതൃകകൾ. ■

kcsaleem@journalist.com